**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3105** **14-02-2024 - ൽ മറുപടിയ്ക്ക്**

**കുഴൽ കിണറുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിൽ ജല ലഭ്യത കുറവുള്ള പ്രദേശങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുമോ; വിശദമാക്കാമോ; | (എ) | കുഴൽ കിണർ നിർമ്മാണത്തിന് ഭൂജല വകുപ്പിന്റെ ഫീസിബിലിറ്റി റിപ്പോർട്ട്/ ക്ലിയറൻസ്/ എൻ.ഒ.സി യുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനമാണ് അനുമതി നൽകുന്നത്. തിരൂരങ്ങാടി മണ്ഡലത്തിൽ ആവശ്യമായ രേഖകൾ സഹിതം ലഭിക്കുന്ന ഗാർഹിക/ കാർഷിക ആവശ്യങ്ങൾക്ക് കുഴൽ കിണർ നിർമ്മാണത്തിന് ഓരോന്നിനും നിശ്ചയിച്ച ഫീസ് ഈടാക്കി അനുയോജ്യമാണെങ്കിൽ ഫീസിബിലിറ്റി റിപ്പോർട്ട് നൽകുന്നതാണ്. ഇൻഫ്രാസ്ട്രക്ചർ ആവശ്യത്തിനുള്ള കുഴൽ കിണർ നിർമ്മാണത്തിന് ഫീസിബിലിറ്റി റിപ്പോർട്ട് പ്രകാരം നിർമ്മിച്ച കുഴൽ കിണറിൽ പമ്പിംഗ് ടെസ്റ്റ് നടത്തി അനുയോജ്യമാണെങ്കിൽ എൻ.ഒ.സി. നൽകുന്നതാണ്. തിരൂരങ്ങാടി മണ്ഡലത്തിലെ പ്രദേശങ്ങളെല്ലാം സെമി ക്രിട്ടിക്കൽ ബ്ലോക്ക് വിഭാഗത്തിൽപ്പെടുന്നതിനാൽ വ്യാവസായിക ആവശ്യത്തിന് എൻ.ഒ.സി. ലഭിക്കുകയില്ല. |
| (ബി) | ഇത്തരത്തിൽ കുഴൽ കിണറുകൾ സ്ഥാപിക്കുന്നതിന് സർക്കാർ പദ്ധതികൾ നിലവിലുണ്ടോ; അറിയിക്കുമോ? | (ബി) | സ്വകാര്യ ആവശ്യങ്ങൾക്ക് നിലവിൽ സർക്കാർ പദ്ധതികളൊന്നും ഇല്ല. സർക്കാരിന് കീഴിലുള്ള പൊതു ആവശ്യത്തിന് ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതി നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ